## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6894 — 01.11.2011ൽ മറുപടിക്ക്

## 'ചെറുകാവ്' ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ 'ചെറുകാവ്' ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു ; | എ) മലപ്പുറം ജില്ലയിലെ 'ചെറുകാവ്' ഗ്രാമ പഞ്ചായത്തിലെ പുളിക്കൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, പ്രവർത്തനം ആരംഭിച്ച 30.3.1970 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| ബി) ഡിസ്പെൻസറിക്ക് കെട്ടിടം പണിയാൻ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെന്നും, ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഡിസ്പെൻസറിക്ക് കെട്ടിടം പണിയാൻ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, അത് ഏത് സ്ഥലമാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഏതെങ്കിലുമൊരു സ്ഥലം ഇതിന് ഉപയോഗപ്പെടുത്താമെന്ന ധാരണയാണ് ഉള്ളത്. ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾക്കായുള്ള 2011-12 വാർഷിക ബഡ്ജറ്റ് വാല്യം III ൽ പ്രസ്തുത പ്രവർത്തിക്കായി ഹോമിയോപ്പതിവകുപ്പിനുള്ള മൂലധന ചെലവിനുള്ള ശീർഷകമായ 4210-01-110-99 എന്ന കണക്കിനത്തിൽ 100 രൂപ മാത്രം വകയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് മതിയായ തുക ആരോഗ്യ വകുപ്പിനുള്ള മൂലധന ഗ്രാന്റിനത്തിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ